പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1865.** **01/02/2018-ന് മറുപടിക്ക്**

## പി.എസ്.സി പരീക്ഷകൾക്ക് മലയാളത്തിലുള്ള ചോദ്യപേപ്പറുകൾ

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

**ഉത്തരം**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

<table>
<tr><td>(എ)</td><td>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ബിരുദമോ അതിനുമുകളിലോ യോഗ്യത നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾക്ക് മലയാളത്തിലുള്ള ചോദ്യപേപ്പറുകൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതിന് നടപടി സ്വീകരിക്കാത്തത്;</td><td>(എ)</td><td>മലയാള മാധ്യമം, മലയാള ഭാഷ എന്നിവ നിർബന്ധമല്ലാത്തതും ബിരുദം അഥവാ ബിരുദാനന്തര ബിരുദം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായതുമായ തസ്തികകൾക്കെല്ലാം ഇംഗ്ലീഷ് ഭാഷയിലാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. ബിരുദ ബിരുദാനന്തര പഠന മാധ്യമം ഇംഗ്ലീഷിൽ ആയതിനാലും ചോദ്യപേപ്പറുകളിൽ ചിലത് കേരളത്തിന് പുറത്തുള്ള വിദഗ്ധരെക്കൊണ്ടാണ് തയ്യാറാക്കുന്നത് എന്നതിനാലും ചോദ്യ-പേപ്പറുകൾ മലയാളത്തിൽ തയ്യാറാക്കുന്നില്ല.</td></tr>
<tr><td>(ബി)</td><td>മലയാളഭാഷയെ ശക്തിപ്പെടുത്തു-ന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ എന്തെല്ലാം മാറ്റമാണ് ഉൾക്കൊണ്ടിട്ടുള്ളത്; പുതിയതായി എന്തെല്ലാം പരിഷ്കാരമാണ് മലയാള ഭാഷയെ ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;</td><td rowspan="2">(ബി) & (സി)</td><td rowspan="2">മലയാള ഭാഷയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബിരുദം അടിസ്ഥാന യോഗ്യതയാ-യുള്ളതും ഏറ്റവുമധികം ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതുന്ന തസ്തികകളിൽപ്പെടുന്നതുമായ അസിസ്റ്റന്റ്/ ആഡിറ്റർ-സെക്രട്ടേറിയറ്റ്/ പി.എസ്.സി., വിവിധ കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെ അസിസ്റ്റന്റ് തുടങ്ങിയ പരീക്ഷകളിൽ 10 മാർക്കിന് മലയാളം/തമിഴ്/ കന്നട ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. "എ" പിരിവിന് നൽകിയ മറുപടിയിൽ പറയുന്ന കാരണങ്ങളാൽ എല്ലാ പരീക്ഷകളിലും മലയാളം ചോദ്യപേപ്പർ കൂടി ഉൾപ്പെടുത്തുന്നില്ല. എസ്.എസ്.എൽ.സിയും അതിനു താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളതു-മായ തസ്തികകൾക്കെല്ലാം മലയാള മാധ്യമത്തിലാണ് ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.</td></tr>
<tr><td>(സി)</td><td>പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ പരീക്ഷകളിലും ചോദ്യപേപ്പറുകൾ മലയാളത്തിൽ കൂടി നൽകുന്നതിനും മലയാള ഭാഷയിലെ ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?</td></tr>
</table>

Hayasalini. K.S

സെക്ഷൻ ഓഫീസർ